

Monthly Price: Rs. 4 Year: 2010

# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 25** **July 2010** **No.4**

# എഡിറ്റോറിയൽ

പീഢനവും ചൂഷണവും പെരുകി വരുന്ന ഒരു പ്രവണത നാം സമൂഹത്തിൽ കണ്ടുവരുന്നുണ്ട്. അതു ഒറ്റപ്പെട്ട സംഭവങ്ങളല്ല. എല്ലാ മേഖലകളിലും അതു കണ്ടുവരുന്നുണ്ട്. സ്വഭാവവുമായി ബന്ധപ്പെട്ടതാണ് അത്തരം പ്രവൃത്തികൾ എന്നു നമുക്ക് അറിയാം. മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടിയാണെങ്കിലും പല സ്വഭാവക്കാരാണെന്നു നമുക്ക് അറിയാം. എന്നാൽ എല്ലാ മനുഷ്യരിലും ചില പൊതുവായ സ്വഭാവഗുണങ്ങൾ കാണുവാൻ സൃഷ്ടികർത്താവായ ദൈവം ആഗ്രഹിക്കുന്നു. അതു മനുഷ്യരുടെ പൊതുവായ നന്മക്ക് അനിവാര്യവുമാണ്. അതുകൊണ്ടാണ് ദൈവം ആരംഭം മുതൽ നമുക്ക് ദൈവികനിയമം നല്കിയിട്ടുള്ളത്. ദൈവകല്പനകൾ നാം അങ്ങനെ തന്നെ കൈക്കൊണ്ടാൽ നമ്മുടെ ജീവിതം സമാധാനമുള്ളതാകും. അതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന മനുഷ്യർക്ക് സ്വസ്ഥത കാണുകയില്ല.

എന്നാൽ ദൈവകല്പനകളെ പൂർണ്ണമായി വിശ്വസിക്കുന്നവർ എത്ര പേരുണ്ട് എന്നതാണ് ചോദ്യം. അതിന്റെ കാരണവും നാം പരിശോധിക്കേണ്ടതുണ്ട്. മാതാപിതാക്കളിലും പ്രായമായവരിലുമുള്ള കാഴ്ച്ചപ്പാടുകൾ പിന്നീട് വരുന്ന തലമുറയെ ബാധിക്കും. ലൗകിക കാഴ്ച്ചപ്പാടുള്ളവർ അവരുടെ മക്കളെ ആ രീതിയിൽ വളർത്തും. രാഷ്ട്രീയ കാഴ്ച്ചപ്പാടുള്ളവർ കുട്ടികളെ ആ രീതിയിൽ വളർത്തുവാൻ ശ്രമിക്കും. എല്ലായ്പോഴും അങ്ങനെ ആകണമെന്നുമില്ല.

കാരണം എല്ലാവരേയും നിയന്ത്രിക്കുന്നതു ദൈവമാണ്. ആ കാര്യം ആളുകൾ മറന്നുപോകുന്നു. ദൈവത്തെ മറക്കുന്ന, ദൈവത്തെ അറിയാത്ത ആളുകൾ ദൈവകല്പനകളെ മനസിലാക്കുവാൻ ശ്രമിക്കുന്നില്ല. അങ്ങനെ ശ്രമിക്കുവാൻ ആളുകൾക്ക് ദൈവത്തിൽ ശരിയായ വിശ്വാസം വേണം. അന്ധമായി ദൈവത്തിൽ വിശ്വസിക്കുന്ന ആളുകൾ ധാരാളം ഉണ്ട്. തെറ്റായ വിശ്വാസം ആളുകളെക്കൊണ്ടു പല തെറ്റുകളും ചെയ്യിക്കുന്നു.

ശാരീരിക പീഢനവും മാനസിക പീഢനവുമുണ്ട്. ശരീരത്തെ ദണ്ഡിപ്പിക്കുന്ന സ്വഭാവക്കാരുടെ ഉദ്ദേശമെന്താണെന്നു പരിശോധിച്ചാൽ അവരുടെ ഇഷ്ടം അനുസരിച്ചു പ്രവർത്തിക്കാത്തവരെ അടിച്ചമർത്തുവാനുള്ള വ്യഗ്രതയാണെന്നു കാണാം. ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ അങ്ങനെ ഉപദ്രവിക്കാറുണ്ട്. അതു പാപമാണ്. ഭാര്യയുടെ ശരീരത്തെ സ്വന്തശരീരത്തെപോലെ കരുതണമെന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. സ്നേഹത്തിൽ കാര്യങ്ങൾ പറഞ്ഞു മനസിലാക്കുകയാണ് അവർ ചെയ്യേണ്ടത്. മാനസികമായി പീഡിപ്പിക്കുന്നവരുണ്ട്. അതിൽ കൂടുതലും സ്ത്രീകളാണെന്നു കാണപ്പെടുന്നു. അവർ തങ്ങളുടെ ഭർത്താക്കന്മാരെ മാനസികമായി ഏതെല്ലാം വിധത്തിൽ അവരെ ദണ്ഡിപ്പിക്കാമോ എന്നു വിചാരിച്ച് അവരുടെ പ്രതിഷേധം പല രൂപത്തിൽ കാണിക്കും. ആ ദുഃഖം താങ്ങുവാനാകാതെ ചിലർ ആത്മഹത്യ ചെയ്തിട്ടുണ്ട്. പുരുഷന്മാർക്കിടയിൽ ഇത്തരം പീഢനങ്ങൾ നടത്തുന്നവരുണ്ടെങ്കിൽ അതു അവസാനിപ്പിക്കണം. ലൈംഗിക പീഡനങ്ങൾ നടത്തുന്നവരുടെ കാര്യമെടുത്താൽ ബലഹീനരാണ് അതിനിരയാകുന്നത്. മനുഷ്യനു ദൈവം നല്കിയിട്ടുള്ള വികാരം ശമിപ്പിക്കേണ്ടത് നിയമപ്രകാരമായിരിക്കണം. ദൈവത്തെ ഭയപ്പെടുന്നവർ തെറ്റു ചെയ്യുവാൻ മടിക്കും. വിവാഹവും കുടുംബജീവിതവും ദൈവം സ്ഥാപിച്ചിരിക്കുന്നത് അത്തരത്തിലുള്ള ദുർന്നടപ്പ് ഒഴിവാക്കുവാനാണ്. എന്താണ് പ്രതിവിധി എന്നു നോക്കുക. നമ്മുടെ ജീവിതം ദൈവത്തെ കൂടാതെ പൂർണ്ണമല്ല. ഞാൻ പറയുന്നതും ചെയ്യുന്നതും ദൈവത്തിനു പ്രസാദകരമാകുമോ എന്നു ഓരോരുത്തരും ചിന്തിക്കണം. നാം ചെയ്യുന്നതെല്ലാം ദൈവത്തിനു മഹത്വം കൊടുക്കുന്നതായിരിക്കണം.

✶

# രണ്ടു ഉടമ്പടികൾ

## J.C. ചോട്ട്

ഒരു ഉടമ്പടി എന്നു പറഞ്ഞാൽ രണ്ടു കക്ഷികൾ തമ്മിലുള്ള കരാർ അല്ലെങ്കിൽ നിയമം എന്നാണ് അർത്ഥം. സാധാരണ രണ്ടു വ്യക്തികൾ തമ്മിലോ അല്ലെങ്കിൽ ഒരു വ്യക്തിയും ഒന്നിലധികം വ്യക്തികളും തമ്മിലോ ഉണ്ടാക്കുന്നതാകാം. ഈ പഠനത്തിൽ നാം പരിഗണിക്കുന്നതു ദൈവവും മനുഷ്യരും തമ്മിലുണ്ടാക്കിയിട്ടുള്ള ഉടമ്പടിയെയാണ്. നിയമകർത്താവ് ദൈവമാണ്, മനുഷ്യർ അതു പാലിക്കേണ്ടവരുമാണ്. മനുഷ്യർ രണ്ടു നിയമങ്ങളാണ് പരിഗണനക്കെടുക്കേണ്ടത്. ബൈബിളിൽ രണ്ടു നിയമങ്ങളാണ് ഉള്ളത്. അതിൽ ഒന്നു പഴയനിയമവും മറ്റൊന്നു പുതിയ നിയമവുമാണ്. പഴയ നിയമം യെഹൂദന്മാർക്ക് മോശെ മുഖാന്തരം കൊടുത്തതാണ്. എന്നാൽ പുതിയ നിയമം ക്രിസ്തു മുഖാന്തരം സകല മനുഷ്യർക്കുമായി കൊടുത്തിരിക്കുന്നു.

ഈ രണ്ടു നിയമത്തെയും ഒരുപോലെ കണക്കാക്കണം എന്നു വിശ്വസിക്കുന്നവരുണ്ട്. വേറെ ചിലർ പഴയനിയമത്തിലെ ചില ഭാഗവും പുതിയനിയമത്തിലെ ചില ഭാഗവും എടുത്തു പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യുന്നുണ്ട്. ഒന്നിനെ പഴയതായും മറ്റൊന്നിനെ പുതിയതായും വിവക്ഷിച്ചിട്ടുപോലും ആളുകൾ അതു വേർതിരിച്ച് കാണാതിരിക്കുന്നതു ഖേദകരമത്രേ. രണ്ടു നിയമങ്ങളും ദൈവമാണ് നൽകിയിരിക്കുന്നത്. പക്ഷെ രണ്ടു കാലഘട്ടത്തിലെ ആളുകൾക്കാണ് എന്ന കാര്യം ഓർമ്മിക്കുക. തിരുവെഴുത്തിൽ ദൈവം ആജ്ഞാപിച്ചിരിക്കുന്ന ഏതൊരു കല്പനയും നാം ശരിയായി വിവേചിച്ച് മനസിലാക്കി അനുസരിക്കണം.

ക്രിസ്തു വരുന്നതിനു ആയിരത്തിയഞ്ഞൂറു വർഷങ്ങൾക്കു മുൻപ് യിസ്രായേലിനു കൊടുത്ത ഉടമ്പടിയുടെ ഉദ്ദേശം വേറെ ആയിരുന്നു. അക്ഷരികമായ ആ ഉടമ്പടി താല്ക്കാലികമായി അവർക്ക് കൊടുത്തതായിരുന്നു. പക്ഷെ പുതിയ നിയമമാകട്ടെ അതു സകല ജാതികൾക്കുമായി എന്നേക്കുമായി കൊടുത്തതാണ്. പഴയ നിയമം അല്ലെങ്കിൽ ന്യായപ്രമാണം ഒരു പ്രത്യേക ദേശത്തിനായി നല്കിയതായിരുന്നു. മോശെയെ ദൈവം ഒരു പ്രവാചകനായും നിയ

മദൂതനായും ആക്കിവെച്ചു. മോശെയേക്കാൾ വലിയവനാണ് ക്രിസ്തു. അവൻ ദൈവപുത്രനും മനുഷ്യപുത്രനുമായിരുന്നു. പുതിയനിയമം പഴയനിയമത്തേക്കാൾ ശ്രേഷ്ഠമാണ്. അപ്പോൾ പിന്നെ ശ്രേഷ്ഠമായ ഒരു നിയമം തന്നതുകൊണ്ട് ആരെങ്കിലും ശ്രേഷ്ഠത കുറഞ്ഞതിലേക്ക് പോകുമോ? പുതിയനിയമം പ്രാബല്യത്തിൽ വന്നതു യേശുവിന്റെ മരണത്തോടുകൂടെയാണ്. യേശുവിന്റെ രക്തത്താലാണ് പുതിയനിയമത്തെ ഉറപ്പാക്കിയത്. പഴയനിയമത്തെ ഉറപ്പിച്ചത് മൃഗരക്തത്താലായിരുന്നു എങ്കിൽ പുതിയനിയമം ജീവനുള്ള രക്തത്താലാണ് ഉറപ്പിച്ചത്.

ഒരു നിയമം പ്രാബല്യത്തിൽ വന്നശേഷം ആർക്കും അതിനെ ദുർബ്ബലപ്പെടുത്തുവാൻ അവകാശമില്ല. ഒരേസമയത്ത് രണ്ടു നിയമങ്ങൾ ആർക്കും അനുസരിക്കുവാൻ സാധ്യമല്ല. നിങ്ങൾ അതിനെ കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? പഴയനിയമമനുസരിക്കുന്നവർ പാപങ്ങൾക്ക് പ്രായശ്ചിത്തമായി മൃഗബലിയായിരുന്നു അർപ്പിക്കേണ്ടിയിരുന്നത്. പുതിയനിയമത്തിൽ കുഞ്ഞാട് അറുക്കപ്പെട്ടതുകൊണ്ട് മൃഗബലിയുടെ ആവശ്യമില്ല. നാം അവന്റെ യാഗത്തോടു ബന്ധപ്പെടുകയാണ് വേണ്ടത് (റോമർ 6:3, 4). തികഞ്ഞതും പൂർണ്ണതയുള്ളതുമായ ഒരു ഉടമ്പടി തന്നിരിക്കുന്നതുകൊണ്ട് നാം പിന്നെ ബലഹീനമായ ആദ്യ പാഠങ്ങളിലേക്ക് വീണ്ടും പോകേണ്ട ആവശ്യമില്ല. ക്രിസ്തുവിന്റെ മരണശേഷം ജനിച്ച ആർക്കും പഴയ ന്യായപ്രമാണത്തിലേക്ക് തിരിച്ച് പോകുവാൻ സാധ്യമല്ല. അങ്ങനെ ആരെങ്കിലും ചെയ്താൽ അതു ദൈവത്തെ പ്രസാദിപ്പിക്കുകയില്ല.

ശബ്ബത്ത് ആചരിക്കുന്നവർ അതിനെ ന്യായീരിക്കുന്നതിനു അവർ ന്യായപ്രമാണത്തിലേക്ക് തിരിയും. ഉപകരണസംഗീതവും ദശാംശവും അവർ പരിശീലിക്കുന്നുണ്ട്. കൂടെ മൃഗബലിയും നടത്താത്തതെന്താണെന്ന ചോദ്യത്തിനു അവർ പറയും, ന്യായപ്രമാണത്തിലുള്ള ഒരു ഭാഗം മാത്രമെ നീങ്ങപ്പെട്ടിട്ടുള്ളൂ. നീങ്ങപ്പെടാത്തതു ഞങ്ങൾ ചെയ്യുന്നു എന്നാണ് വാദിച്ചു പറയുന്നത്. പക്ഷെ ന്യായപ്രമാണം അനുസരിക്കുവാൻ തീരുമാനിക്കുന്ന ആൾ ന്യായപ്രമാണം മുഴുവൻ അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ന്യായപ്രമാണത്തിൽ ഒന്നിൽ തെറ്റിയാൽ സകലത്തിലും തെറ്റിയിരിക്കുന്നു (ഗലാത്യർ 5:3). അതുകൊണ്ടു പഴയനിയമം യെഹൂദന്മാർക്ക് കൊടുത്തതാണ്.

ക്രിസ്തു ക്രൂശിൽ മരിച്ചതോടെ ന്യായപ്രമാണം നീങ്ങപ്പെട്ടു അല്ലെങ്കിൽ നിവർത്തിച്ചു. ഒരു ഭാഗം മാത്രമല്ല മുഴുവനും നീങ്ങിയിരിക്കുന്നു. പഴയ നിയമത്തെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവും ആയിരുന്ന കയ്യെഴുത്തു മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽനിന്നു നീക്കിക്കളഞ്ഞു" (കൊലൊസ്യർ 2:14).

യേശു മരിച്ചപ്പോൾ യെരുശലേം ദേവാലയത്തിന്റെ തിരശീല രണ്ടായി മേൽതൊട്ട് അടി വരെ കീറിപ്പോയതായി തിരുവെഴുത്തു വെളിപ്പെടുത്തുന്നു. വേർപാടില്ലാതെ എല്ലാവർക്കും ദൈവസന്നിധിയിൽ പ്രവേശിക്കുവാൻ ദൈവം തന്നെയാണ് അവസരം ഒരുക്കിയത്. അതു സാധ്യമാക്കിയതു ക്രിസ്തുവാണ്. ഒരു മഹാപുരോഹിതനായി തന്റെ രക്തവുമായി അവൻ ദൈവത്തിന്റെ അതിവിശുദ്ധ സ്ഥലത്തു പ്രവേശിച്ച് എന്നേക്കുമായ പ്രായശ്ചിത്തബലി അർപ്പിച്ചു. അതോടെ ആണ്ടുതോറും നടത്തി വന്നിരുന്ന യാഗങ്ങൾ അവസാനിച്ചു. കൂടാതെ മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണത്തിനും അന്ത്യമായി (മത്തായി 20:51).

യേശു മരിക്കുന്നതിനുമുൻപ് അവസാനമായി ഒരു പ്രസ്താവന നടത്തുകയുണ്ടായി: "നിവൃത്തിയായി (യോഹന്നാൻ 19:30). ക്രിസ്തു എന്തു ദൗത്യവുമായിട്ടാണോ വന്നത് അതാണ് നിവൃത്തിയായത്. ലോകത്തിനു അടിസ്ഥാനമിടുന്നതിനു മുൻപ് ദൈവം തയ്യാറാക്കി നടപ്പാക്കിയ പദ്ധതിയുടെ പൂർത്തീകരണമായിരുന്നു അത്. പഴയനിയമത്തിനു പകരമായി നൽകിയ പുതിയ നിയമമാണ് ഇന്നു ലോകത്തിലുള്ള സകല മനുഷ്യരേയും ബാധിക്കുന്നത്. ഇപ്പോൾ അന്ത്യകാലമാണ്. ഈ കാലം കഴിഞ്ഞാൽ പിന്നെ കാലമില്ല. എബ്രായലേഖകൻ അതിനെ കുറിച്ചു പറയുന്നത്, "ദൈവം പണ്ടു ഭാഗം ഭാഗമായും വിവിധം വിവിധമായും സംസാരിച്ചിട്ട്, ഈ അന്ത്യകാലത്തു തന്റെ പുത്രൻ മുഖാന്തരം നമ്മോടു സംസാരിക്കുന്നു" എന്നാണ് (എബ്രായർ 1:1, 2). പണ്ടു പല രീതിയിൽ സംസാരിച്ചു എന്നു പറഞ്ഞാൽ പിതാക്കന്മാരുടെ കാലത്തു കുടുംബത്തലവൻ മുഖാന്തരവും പ്രവാചകന്മാരുടെ കാലത്ത് പ്രവാചകന്മാരിൽ കൂടെയും സംസാരിച്ചിരുന്നു. എന്നാൽ ഇപ്പോൾ പുതിയനിയമത്തിൽ കൂടെ

യാണ് സംസാരിക്കുന്നത്.

പഴയനിയമവും പുതിയനിയമവും തമ്മിൽ ധാരാളം വ്യത്യാസങ്ങളുണ്ട്. അവ തിരുവെഴുത്തിൽ സ്പഷ്ടമാക്കിയിട്ടുണ്ട്. "ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല സ്വന്ത രക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു. ആട്ടുകൊറ്റന്മാരുടെയും കാളകളുടേയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും? അതു നിമിത്തം ആദ്യനിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദത്തം വിളിക്കപ്പെട്ടവർക്ക് ലഭിക്കേണ്ടതിന്നു അവൻ പുതിയനിയമത്തിന്റെ മദ്ധ്യസ്ഥൻ ആകുന്നു. നിയമം ഉള്ളേടത്തു നിയമകർത്താവിന്റെ മരണം തെളിവാൻ ആവശ്യം" (എബ്രായർ 9:11-16)

ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല. എന്നാൽ നീ എനിക്ക് ഒരു ശരീരം ഒരുക്കിയിരിക്കുന്നു. സർവ്വാംഗഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ അവൻ പറഞ്ഞു, "ഇതാ ഞാൻ വരുന്നു പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു അവൻ പറയുന്നു. ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന വഴിപാടും യാഗങ്ങളും സർവ്വാംഗഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല. അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളഞ്ഞു (എബ്രായർ 10:4-9).

# തികവുള്ള മാതൃക

## മൈൽസ് പീപിൾസ്

ഏതൊരു നിർമ്മാണത്തിനും ഒരു മോഡൽ അഥവാ മാതൃകയുടെ ആവശ്യമുണ്ട്. അതു ഭൗതികമായാലും ആത്മികമായാലും ശരിയാണ്. സർവ്വലോകത്തിനും എന്നേക്കും അനുകരിക്കാവുന്ന ഒരു മാതൃകാജീവിതമായിരുന്നു യേശുക്രിസ്തുവിന്റേത്. പത്രൊസ് അതിനെക്കുറിച്ച് വിവരിച്ചിരിക്കുന്നതു നോക്കുക. "അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്ക് വേണ്ടി കഷ്ടം അനുഭവിച്ചു നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല" (1 പത്രൊസ് 2:21, 22). നാം അനുകരിക്കേണ്ടതിന്നു അനുയോജ്യമായ മാതൃകയാണ് നമ്മുടെ കർത്താവ് നമുക്ക് വിട്ടിട്ട് പോയിരിക്കുന്നത്. മാതൃക എന്ന വാക്ക് ശരിക്ക് പരിശോധിച്ചാൽ പത്രൊസ് പറഞ്ഞതിന്റെ അർത്ഥം നമുക്ക് മനസിലാകും.

യവനബാലന്മാരുടെ പ്രാഥമികവിദ്യാഭ്യാസത്തിൽ ഉപയോഗിച്ചിരുന്ന വാക്കാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. സ്ക്കൂൾകുട്ടികൾ ഉപയോഗിച്ചിരുന്ന സ്ലേറ്റിന്റെ മുകൾ ഭാഗം മെഴുകുകൊണ്ടുള്ളതും താഴ്ഭാഗം എഴുതുവാനുള്ള പലകയുമായിരുന്നു. അദ്ധ്യാപകൻ മെഴുകുകൊണ്ടുള്ള ഭാഗത്ത് മാതൃകയായി എഴുതിയിരിക്കും. അതു നോക്കിയാണ് കുട്ടികൾ എഴുതേണ്ടത്. അതുപോലെ 1 പത്രൊസ് 2:21-ൽ പറഞ്ഞ മാതൃക ക്രിസ്തുവിനെ അനുഗമിക്കുന്നവർക്ക് പിൻപറ്റേണ്ടതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ക്രിസ്ത്യാനികൾ പിൻപറ്റേണ്ടത് ക്രിസ്തുവിന്റെ ജീവിതമാണ് എന്നർത്ഥം. അവനെ മാത്രമെ അനുകരിക്കാവൂ എന്നു സാരം. പൂർണ്ണതയുള്ള മാതൃക ക്രിസ്തു മാത്രമാണ്. നമുക്ക് അനുകരിക്കേണ്ട മാതൃകയാണ് കർത്താവ് ജീവിച്ച് കാണിച്ചിരിക്കുന്നത്. അവന്റെ കാൽചുവടുകളിൽ കൂടെയാണ് നാം നടക്കേണ്ടത്. ഒരു കുട്ടി തന്റെ അപ്പന്റെ കാൽചുവടുകളിൽ ചവിട്ടി നടക്കുന്നതുപോലെ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ കാൽചുവടുകളിൽ കൂടെ വേണം നടക്കുവാൻ. എല്ലാ കാര്യത്തിലും നാം അവനെ നോക്കിയാണ് നടക്കേണ്ടതെന്നർത്ഥം.

മനുഷ്യരെ നോക്കി നടന്നാൽ നാം പരാജയപ്പെടുമെന്നോർക്കുക. അന്യായമായി തന്നോട് പെരുമാറിയപ്പോൾ യേശു അതിനെ നേരിട്ട രീതി ഏതു സ്വഭാവത്തോടുകൂടിയായിരുന്നു എന്നു ആ വേദഭാഗം പരിശോധിച്ചാൽ നമുക്ക് തിരിച്ചറിയുവാൻ കഴിയും. തന്നെ മോശ മായ ഭാഷ ഉപയോഗിച്ചു പരിഹസിച്ചവരോടും നിന്ദിച്ചവരോടും അവൻ അതേ നിന്ദ്യമായ ഭാഷയിൽ പ്രതികരിക്കയോ പ്രതികാരം വീട്ടുകയോ ചെയ്തില്ല എന്നു ആ സന്ദർഭം വ്യക്തമാക്കുന്നു. നമ്മുടെ രക്ഷകനെ അകാരണമായി ഉപദ്രവിച്ചപ്പോഴും അവനെ ക്രൂശിൽ തറെക്കുവാൻ ഏല്പിച്ചവരേയും അവൻ ഭീഷണിപ്പെടു ത്തിയില്ല എന്നു കാണാം. ക്ഷമയോടും ദീർഘക്ഷമയോടും അവൻ അതെല്ലാം സഹിക്കുകയായിരുന്നു. കാരണം അവൻ തന്റെ ലക്ഷ്യ ത്തിൽ ഉറച്ചിരുന്നു. അവന്റെ മനസും ചിന്തയും ദൈവികപദ്ധതിയി ലായിരുന്നു. സ്വർഗ്ഗസ്ഥപിതാവിൽ അവൻ തന്റെ ജീവിതം സമർപ്പി ച്ചിരുന്നു. അനീതിയോടെ തനിക്ക് എതിരായി പ്രവർത്തിച്ചവരോട് അവൻ എതിർക്കുകയോ ക്ഷമ കെട്ട് പ്രതികരിക്കുകയോ ചെയ്യാതെ അവസാനത്തോളം സഹിക്കുകയായിരുന്നു. കഷ്ടത അവൻ സഹിച്ച ആ മാതൃക നാം അനുകരിക്കേണ്ടതാണ്.

നാം ആ മാതൃക കാണുമ്പോൾ ആ പ്രത്യേകമായ സ്വഭാവം നമുക്ക് വേണ്ടിയുള്ളതാണെന്നു നമുക്ക് ചിന്തിക്കുവാൻ കഴിയു ന്നുണ്ടോ? അതോ അവൻ ദൈവപുത്രനായതുകൊണ്ട് അവനു അതിനു കഴിഞ്ഞു. നമ്മൾ സാധാരണ മനുഷ്യരായതുകൊണ്ട് നമുക്ക് സാധ്യമല്ല എന്ന നിരൂപണത്തിലാണോ? കർത്താവു നമുക്ക് എല്ലാ കാര്യത്തിലും ഒരു തികഞ്ഞ മാതൃകയാണ് എന്ന തീർച്ച നമുക്ക് ഉണ്ടോ? പത്രൊസ് മറ്റൊരു കാര്യം കൂടെ പറഞ്ഞു. അവൻ ഒരു പാപം പോലും ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടാ യിരുന്നില്ല. ദൈവകല്പന ലംഘിക്കുന്നതു പാപമാണ്. ലംഘനം ഇല്ലാ തിരിക്കുമ്പോഴാണ് പാപം ഇല്ലാതിരിക്കുന്നത്. നിങ്ങൾക്കും എനിക്കും വേണമെങ്കിൽ പാപമില്ലാതെ ജീവിക്കുവാൻ കഴിയും. അതിനു ദൈവഭയവും സമർപ്പണവും ആവശ്യമാണ്.

✶

# പുതിയനിയമസ്നാനത്തെ കുറിച്ചുള്ള പഴയനിയമ ചിത്രീകരണങ്ങൾ

## ഡേവിഡ് ബ്രാഗ്

പത്രൊസ് ആദ്യമായി യെഹൂദന്മാരോടു സുവിശേഷം പ്രസംഗിച്ചതുകേട്ട ജനം പ്രതികരിച്ചു ചോദിച്ചു, "സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?" അതിനു പത്രൊസ് "മാനസാന്തരപ്പെടുകയോ അല്ലെങ്കിൽ സ്നാനപ്പെടുകയോ ചെയ്യുക" എന്നു പറഞ്ഞില്ല. അതിനു പകരം ആ സദസ്യരോടു അവൻ പറഞ്ഞു, "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:37, 38). രണ്ടിനും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ബൈബിളിലെ എല്ലാ കല്പനകളും അതേപോലെ അനുസരിച്ചാൽ മാത്രമെ അതിനു ദൈവം ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളു. ദൈവശ്വാസിയമായി എഴുതപ്പെട്ടിരിക്കുന്ന വചനത്തെ ആളുകൾ കോട്ടി മറിച്ചു കളഞ്ഞിരിക്കയാണ്. അതിനാൽ അവർക്ക് അതിന്റെ ശക്തി അനുഭവിക്കുവാനും കഴിയുന്നില്ല. ശൗൽ ദമസ്ക്കൊസിലേക്കുള്ള മാർഗമദ്ധ്യേ അതേ രീതിയിലുള്ള ഒരു ചോദ്യം ചോദിക്കയുണ്ടായി, "കർത്താവേ ഞാൻ എന്തു ചെയ്യേണമെന്നാണ് നീ പറയുന്നത്?" അതിനു മറുപടിയായി അവനോടു പറഞ്ഞത്, "നീ എഴുന്നേറ്റു പട്ടണത്തിൽ ചെല്ലുക, നീ ചെയ്യേണ്ടുന്നത് അവിടെ വെച്ചു നിന്നോടു പറയും എന്നു പറഞ്ഞു" (പ്രവൃത്തികൾ 9:6). അനന്യാസിന്റെ സന്ദർശനഫലമായി ശൗൽ സ്നാനം ഏറ്റു (വാ.18).

ബൈബിൾ പഠിക്കുന്നവർക്ക് നടന്ന സംഭവങ്ങൾ പൗലൊസ് തന്നെ വിവരിക്കുന്നുണ്ട് (പ്രവൃത്തികൾ 9:11). എഴുന്നേറ്റു കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് പ്രാർത്ഥിച്ച് സ്നാനം ഏല്ക്കുവാനാണ് അനന്യാസ് പറഞ്ഞത് (പ്രവൃത്തികൾ 22:16). മാനസാന്തരത്താൽ മാത്രം പാപങ്ങൾ മോചിച്ചുകൊടുക്കുമെന്ന് ദൈവം അരുളിച്ചെയ്തിട്ടില്ല. സ്നാനം കൂടാതെ ദൈവം പാപം മോചിച്ചുകൊടുക്കുന്നില്ല എന്നതാണ് തിരുവെഴുത്തുപദേശം. യേശുക്രിസ്തുവിന്റെ ഉപദേശവും ദൈവശ്വാസിയരായിരുന്ന അപ്പൊസ്തലന്മാരുടെ ഉപ

ദേശവും അതു തന്നെയാണ് വ്യക്തമാക്കുന്നത്. മാനസാന്തരപ്പെട്ടു പ്രാർത്ഥിക്കുന്നവരുണ്ടാകാം. പക്ഷെ ദൈവികാധികാരത്തിലുള്ള പാപമോചനത്തിലുള്ള കല്പനയെ അവഗണിക്കുന്നവർക്ക് ന്യായ വിധിയിൽ നിന്നു തെറ്റി ഒഴിയാവുന്നതല്ല എന്നതു പ്രത്യേകം ഓർപ്പി ക്കട്ടെ (വെളിപ്പാട് 20:11-12).

സുവിശേഷം കേട്ട് വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്തവർക്ക് മാനസാന്തരവും പ്രാർത്ഥനയും ആവശ്യമാണ്. എന്നാൽ അതു രണ്ടും പാപമോചനം ലഭിക്കുന്നതിനു മുൻപും ആവ ശ്യമാണെന്ന് പറയട്ടെ. പക്ഷെ അവ പാപമോചനത്തിനുള്ള കല്പന അനുസരിക്കുന്നതിനു പകരമല്ല (പ്രവൃത്തികൾ 8:13, 22). അതുകൊണ്ട് രക്ഷക്ക് സ്നാനം ആവശ്യമാണ്. പാപമോചനത്തിനായുള്ളതാണ് സ്നാനം. പത്രൊസ് പറയുന്നു, "സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്ക് കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കാ യുള്ള അപേക്ഷക്കായി യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നമ്മെയും രക്ഷിക്കുന്നു" (1 പത്രൊസ് 3:21). രക്ഷിക്കപ്പെടുവാൻ അനുസരണം ആവശ്യമാണെന്നു വചനം തെളിവായി പഠിപ്പിക്കു മ്പോൾ മാനസാന്തരവും പ്രാർത്ഥനയും മതി എന്നോ അല്ലെങ്കിൽ വിശ്വാസം മാത്രം മതി എന്നോ പറയുന്നവർ വചനപ്രകാരമുള്ള ന്യായവിധിയെ എങ്ങനെ അഭിമുഖീകരിക്കും (1 യോഹന്നാൻ 2:1)?

ബൈബിൾസ്നാനത്തെ പ്രതിപാദിക്കുന്ന ധാരാളം വേദഭാഗ ങ്ങൾ വേറെയുമുണ്ട്. സ്നാനത്താൽ ഒരാൾ കർത്താവിന്റെ ശരീര മായ സഭയോടു ചേർക്കപ്പെടുകയാണ്. അതായതു ഏകശരീരത്തോട് ബന്ധപ്പെടുവാനാണ് സ്നാനം കല്പിച്ചിരിക്കുന്നത് (1 കൊരിന്ത്യർ 12:13). ഒരു പാപിക്ക് നേരിട്ട് ക്രിസ്തുവിൽ ആകുവാൻ സാധ്യമല്ല, സ്നാനം എന്ന വാതിലിൽ കൂടെ മാത്രമെ ക്രിസ്തുവിൽ പ്രവേശി ക്കുവാൻ കഴിയൂ. ദൈവം ആവശ്യപ്പെടുന്ന മനുഷ്യരക്ഷക്കു യേശു വിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോടും ബന്ധപ്പെടണം. അതിനുവേണ്ടിയാണ് സ്നാനം എന്ന കല്പന തന്നിരിക്കുന്നത് (റോമർ 6:3, 4). പാപത്തിന്റെ അടിമത്വത്തിൽനിന്നു നമ്മെ മോചിപ്പി ക്കുന്നതു നാം ഉപദേശരൂപം ഹൃദയപൂർവ്വം അനുസരിക്കുമ്പോ ഴാണ്. ദൈവഭരണം ഒരു വ്യക്തിയിൽ വരുന്നതും മറ്റൊന്നിനാലു മല്ല. വെള്ളത്താലും ആത്മാവിനാലും നാം ജനിക്കുമ്പോഴാണ്. പുതി

യനിയമ സ്നാനത്തിന്റെ പ്രാധാന്യം ഉറപ്പിച്ച് പറവാൻ ദൈവശ്വാസിയ എഴുത്തുകാർ പഴയനിയമ ചിത്രീകരണങ്ങൾ നല്കിയിരിക്കുന്നത് നമുക്ക് പരിശോധിക്കാം.

## നോഹയും പെട്ടകവും

സ്നാനം രക്ഷക്ക് ആവശ്യമാണെന്നു തന്റെ വായനക്കാരെ ബോധ്യമാക്കുവാൻ പത്രൊസ് പണ്ടു നടന്ന സംഭവം വിവരിക്കുന്നു. നോഹയും പെട്ടകവും (1 പത്രൊസ് 3:20–22). നോഹ പെട്ടകത്തിൽ കയറി രക്ഷ പ്രാപിച്ചു. വെള്ളത്താൽ മറ്റുള്ളവരെ ദൈവം നശിപ്പിച്ചപ്പോൾ, തന്നെ അനുസരിച്ച എട്ടുപേരെ ദൈവം രക്ഷിച്ചു. പഴയനിയമപ്രവാചകനായിരുന്ന നോഹ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ക്രിസ്തുവിന്റെ ആത്മാവ് തടവിലുള്ള ആത്മാക്കളോട് സംസാരിച്ചിരുന്നു. അതേ ക്രിസ്തുവിന്റെ ആത്മാവിനാൽ സംസാരിച്ചതും രേഖപ്പെടുത്തിയതുമായ തിരെവെഴുത്തിലെ സ്നാനത്തിന്റെ പ്രാധാന്യം ഏങ്ങനെ കുറച്ചു കാണുവാൻ കഴിയും?

## മോശെയും ചെങ്കടലും

പൗലൊസ് പ്രശ്നങ്ങൾ നിറഞ്ഞ കൊരിന്ത്യസഭക്ക് എഴുതുമ്പോൾ അവരെ പഴയനിയമ സംഭവങ്ങൾ ഓർപ്പിക്കുന്നുണ്ട്. വിശ്വസിക്കുന്നവരുടെ ജീവിതത്തിൽ സ്നാനത്തിന്റെ പങ്ക് വളരെ വലുതാണെന്ന് അപ്പൊസ്തലൻ അവരെ ബോധ്യപ്പെടുത്തുന്നു. ദൈവം മോശെ മുഖാന്തരം യിസ്രായേലിനെ ചെങ്കടൽ കടത്തിക്കൊണ്ടുവന്ന കാര്യം അവരെ ധരിപ്പിക്കുന്നുണ്ട് (1 കൊരിന്ത്യർ 10:1–5; പുറപ്പാട് 14). സ്നാനം വെള്ളത്തിലുള്ള അടക്കമൊണെന്ന് ആ വേദഭാഗം ഊന്നിപ്പറയുന്നു. “സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും സമുദ്രത്തുകൂടെ കടന്നു എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു” (1 കൊരിന്ത്യർ 10:1, 2). പുതിയനിയമസ്നാനവും വെള്ളത്തിലുള്ള അടക്കമൊണ്. ഏക സ്നാനമാണ് ഇപ്പോൾ നിലവിലുള്ളത്. ലോകത്തിൽ ധാരാളം സ്നാനങ്ങൾ പലവിധത്തിൽ നടത്തുണ്ട്. പക്ഷെ അവ ഒന്നും ദൈവാധികാരത്തിലുള്ളതല്ല. ദൈവം അധികാരപ്പെടുത്തിയ ഏക സ്നാനം വെള്ളത്തിലുള്ള അടക്കമൊണ്.

വചനപ്രകാരം സ്നാനം ഏറ്റവരും യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടവരും ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഒരു ആത്മിയ വിരുന്ന്

ആഘോഷിക്കും. അതു കർത്തൃമേശയിൽ നിന്നു ഭക്ഷിക്കുന്നതും പാനപാത്രത്തിൽനിന്നു പാനം ചെയ്യുന്നതുമാണ്. പഴയനിയമകാലത്തു മരണദൂതൻ യിസ്രായേലിനെ കടന്നുപോയതിന്റെയും അവരെ ദൈവം ചെങ്കടൽ കടത്തി കൊണ്ടുവന്നതിന്റെയും ഓർമ്മക്കായി അവർ പെസഹ ആചരിക്കുമായിരുന്നു. അതുപോലെ പുതിയനിയമം അനുസരിച്ചു ക്രിസ്ത്യാനികളായിതീർന്നവർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുകയും പാനപാത്രത്തിൽനിന്നു കുടിക്കയും ചെയ്യണം (1 കൊരിന്ത്യർ 11:23-28). ക്രിസ്തുവിനോടുള്ള കൂട്ടായ്മ പുതുക്കുന്നതാണ് അത്. കർത്താവ് ഉയിർത്തെഴുന്നേറ്റതു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു എന്നോർക്കുക.

## കുഷ്ഠരോഗിയായിരുന്ന നയമാൻ

ക്രിസ്തുവിന്റെ പുതിയനിയമകല്പനകൾ മനസിലാക്കാൻ സഹായിക്കുന്ന മൂന്നാമതൊരു ഉദാഹരണം പഴയനിയമത്തിലുണ്ട്. നസറേത്തിലുള്ള ആളുകൾ യേശുവിനെ തള്ളിക്കളഞ്ഞശേഷം, അവൻ സാറഫാത്തിലെ വിധവയുടെ സംഭവത്തോടുകൂടി നയമാനെയും എടുത്തു കാണിക്കുന്നുണ്ട് (1 രാജാക്കന്മാർ 17:8). അതു പ്രവാചകനോടടുത്ത ആളുകൾ പ്രവാചകനെയും പ്രവാചകന്റെ സന്ദേശത്തെയും ത്യജിച്ച കാര്യം അവരെ ബോധ്യപ്പെടുത്തുന്നതിനായിരുന്നു (ലൂക്കൊസ് 4:27; 2 രാജാക്കന്മാർ 5). യോർദ്ദാൻ നദിയിൽ പോയി ഏഴു പ്രാവശ്യം മുങ്ങുവാനുള്ള പ്രവാചകന്റെ വാക്കുകൾ ആദ്യം അവൻ വിശ്വസിച്ചില്ല. പക്ഷെ പിന്നീട് അതു വിശ്വസിച്ച് അങ്ങനെ തന്നെ ചെയ്തപ്പോൾ അതിന്റെ ഫലം അനുഭവിപ്പാൻ അവനു കഴിഞ്ഞു. അതു സ്നാനം എന്നു പറഞ്ഞിട്ടില്ലെങ്കിലും വെള്ളത്തിലുള്ള മുങ്ങൽ അവനെ ശുദ്ധമാക്കി എന്നതു സ്പഷ്ടമാണ്.

ഭൗതിക സാന്നിദ്ധ്യം കൂടാതെ തന്നെ യേശുവിനു രോഗസൗഖ്യം വരുത്തുവാൻ കഴിയുമെന്നു കഫർന്നഹൂമിലെ രാജഭൃത്യന്റെ മകനു സൗഖ്യം ലഭിച്ചു (യോഹന്നാൻ 4:46-55). ദൈവകല്പന അനുസരിക്കാതിരുന്നാലുള്ള അപകടത്തെയും അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹത്തെയും നയമാൻ തിരിച്ചറിഞ്ഞു. പുതിയനിയമത്തിലെ കർത്താവിന്റെ കല്പനകൾ ഒന്നും ത്യജിക്കാതിരിക്കുക.

✶

# കഴിഞ്ഞകാലത്തിൽനിന്നുള്ള പാഠങ്ങൾ

## ഡേവേ ലക്കേ

യിസ്രായേൽ ദേശത്തെക്കുറിച്ച് പുറപ്പാടു പുസ്തകം മുതൽ പ്രവാചകന്മാരുടെ പുസ്തകങ്ങളിലൂടെ നാം ഗൗരവമായി പഠിച്ചാൽ പല പാഠങ്ങളും നമുക്ക് പഠിക്കാൻ കഴിയും പുതിയനിയമ സഭയുടെ നിഴലായിരുന്നു പല വിധത്തിലും യിസ്രായേൽ ദേശം. ഇത്തരത്തിലുള്ള ഒരു പഠനം നമുക്ക് ഗുണകരമായതുകൊണ്ട് ശ്രദ്ധിച്ചു മനസിലാക്കുക.

യാക്കൊബിന്റെ പിൻഗാമികൾ 430 വർഷം മിസ്രയീമിൽ അടിമകളായിരുന്നു. യഹോവയുടെ ബലത്താലും ഭുജവീര്യത്താലും മോശെ മുഖാന്തരം ദൈവജനത്തെ ആ അടിമത്വത്തിൽനിന്നു വിടുവിച്ചു കൊണ്ടുവന്നു. ആ സംഭവം യിരെമ്യാവ് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അവരെ ദൈവം വിടുവിച്ച് സ്വാതന്ത്ര്യത്തിലേക്കാണ് കൊണ്ടുവരുന്നത്. പാലും തേനും ഒഴുകുന്ന കനാൻ ദേശം ദൈവം അവർക്ക് വാഗ്ദാനം ചെയ്യുകയുമുണ്ടായി. അവർ എന്തെല്ലാം ചെയ്യണമെന്നും എങ്ങനെ ജീവിക്കണമെന്നും അവൻ അവരോട് അരുളിച്ചെയ്തിരുന്നു (ലേവ്യാപുസ്തകവും ആവർത്തനപുതസ്തകവും നോക്കുക). അത് അവർക്ക് ദൈവവുമായി ഏറ്റവും അടുത്ത ബന്ധമുണ്ടാകേണ്ടതിനും അവർക്ക് സമാധാനവും സ്വസ്ഥതയും അനുഭവിക്കേണ്ടതിനായിരുന്നു.

## യിസ്രായേല്യർക്കുള്ള ദൈവനിർദ്ദേശങ്ങൾ

യിസ്രായേൽ പാലിക്കേണ്ടതായ ചട്ടങ്ങളും വിധികളും ദൈവം ന്യായപ്രമാണം എന്ന പേരിൽ ഒരു ഉടമ്പടി ഉണ്ടാക്കി അവർക്ക് കൊടുത്തിരുന്നു. ആ നിബന്ധനകൾ അവർ അനുസരിക്കേണ്ടിയിരുന്നു. മിസ്രയീമിൽ നിന്നു മോശെ മുഖാന്തരം വിടുവിച്ച് കൊണ്ടുവന്നപ്പോൾ വഴിക്ക് വെച്ച് തന്നെ അവർ ദൈവത്തിനും മോശെക്കും എതിരായി സംസാരിക്കുവാനും എതിർക്കുവാനും മൽസരിക്കുവാനും തുടങ്ങി. കാരണം അവരുടെ ആശ്രയം ഭൗതിക വസ്തുക്കളിലായിരുന്നു. അവർ അലഞ്ഞുതിരിയുവാനുള്ള കാരണം അതായിരുന്നു. ദൈവത്തെ ത്യജിച്ചാൽ ദൈവവും ത്യജിക്കും എന്ന തത്വം അവർ മറന്നുകളഞ്ഞു. വ്യക്തിപരമായ ആവശ്യങ്ങളിൽ മാത്രം അവർ

ഒതുങ്ങി കഴിയുവാൻ ആഗ്രഹിച്ചു. അവർ കൈവശമാക്കേണ്ട ദേശം ഒറ്റുനോക്കുവാൻ അവർ പന്ത്രണ്ടു പേരെ അയച്ചു. അതിൽ പത്തു പേരും ദേശം കൈവശമാക്കുവാൻ സാധ്യമല്ല എന്ന നിഗമനത്തിലാണ് എത്തിയത്. അവർ കണ്ടത് ആ ദേശത്തേക്കുള്ള പ്രവേശനം തന്നെ അസാധ്യം, പിന്നെ ജനബാഹുല്യവും ജനശക്തിയും യിസ്രായേലിനേക്കാൾ വലുതായിട്ടാണ് അവർ കണ്ടത്. പക്ഷെ രണ്ടുപേർ മാത്രം ദേശം കൈവശമാക്കാമെന്നും അവിടത്തെ ജനങ്ങളെ കീഴ്പ്പെടുത്താമെന്നും കണ്ടു (സംഖ്യാപുസ്തകം 13-14). യോശുവക്കും കാലേബിനും മാത്രമെ ദൈവത്തിന്റെ ശക്തിയിലും കഴിവിലും ആശ്രയിക്കുവാൻ കഴിഞ്ഞുള്ളൂ. അവർക്ക് മാത്രമെ വാഗ്ദത്തദേശത്തു പ്രവേശിക്കുവാനും ദൈവം അനുവദിച്ചുള്ളൂ.

യെഹൂദന്മാർ തലമുറതലമുറയായി അവരുടെ മൽസരപ്രവൃത്തികൾ തുടർന്നുകൊണ്ടേയിരുന്നു. ദൈവം ചെയ്യുവാൻ പറഞ്ഞതു ചെയ്യാതെയും ചെയ്യരുതെന്നു പറഞ്ഞിരുന്നത് ചെയ്തുകൊണ്ടും അവർ ദൈവത്തെ കോപിപ്പിച്ചുകൊണ്ടിരുന്നു. അവരുടെ മൽസരം എപ്രകാരം ആയിരുന്നുവെന്നു 1 ശമുവേൽ 8:6-ൽ രേഖപ്പെടുത്തിയിട്ടുണ്ട്: "സകലജാതികൾക്കും ഉള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഞങ്ങൾക്ക് ഒരു രാജാവിനെ തരേണം എന്നായിരുന്നു അവരുടെ ആവശ്യം. ദൈവം ഒരു രാജാവായിട്ടുള്ളപ്പോൾ അവർക്ക് മറ്റൊരു രാജാവിന്റെ ആവശ്യമില്ല എന്നു ദൈവം പറഞ്ഞിട്ടും അവർ അതിൽ തൃപ്തരായില്ല. ആ വിധത്തിലായിരുന്നു അവരുടെ ശാഠ്യം. അവർ അന്യജാതികളുടെ വിഗ്രഹങ്ങളെ നമസ്ക്കരിക്കയും സേവിക്കയും ചെയ്തുവന്നു. കൂടാതെ അവരുടെ മക്കളെപോലും അവരുടെ ദേവന്നു ബലി കഴിച്ചു.

അവരുടെ തലമുറകളിലെല്ലാം യിസ്രായേൽമക്കൾ ഒരിക്കലെങ്കിലും ദൈവമുൻപാകെ വന്നു തങ്ങൾ ഇനി യിസ്രായേൽ മക്കൾ എന്നു വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്നില്ല എന്നു പറഞ്ഞതായി കാണുന്നില്ല. പക്ഷെ അവരുടെ പ്രവൃത്തികളാൽ അവർ ദൈവമക്കളല്ല എന്നു തെളിയിച്ചുകൊണ്ടിരുന്നു. അപ്പോഴൊന്നും ദൈവത്തിന്റെ സ്നേഹം അവരിൽനിന്നു പിൻവലിച്ചതായി ദൈവം പറയുന്നുമില്ല. ഒരിക്കലും യഹോവയെ തങ്ങളുടെ ദൈവമായി തങ്ങൾക്ക് വേണ്ട എന്ന് അവർ ഒരിക്കൽപോലും പറഞ്ഞതായി നാം വായിക്കുന്നില്ല.

എങ്ങനെയായാലും അവരുടെ തീരുമാനത്താലും പ്രവൃത്തിയാലും അവർ ദൈവത്തെ തള്ളിക്കളഞ്ഞിരുന്നു. ദൈവത്തിനു കൊടുക്കുവാനുള്ളതും അവർ കൊടുക്കാതിരുന്നു. ഞാൻ അല്ലാതെ അന്യ ദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുതെന്നു ദൈവം വളരെ വ്യക്തമായി കല്പിച്ചിരുന്നതാണ്. യഹോവയുമായുള്ള അവരുടെ ബന്ധം അനുസരണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിലായിരിക്കുമെന്നു ദൈവം മുന്നറിയിച്ചിരുന്നു. യോശിയാവിന്റെ കാലത്തൊഴിച്ച് മറ്റെല്ലാ കാലത്തും യിസ്രായേൽ ദൈവത്തോടു മറുതലിച്ചുകൊണ്ടേയിരുന്നു എന്നാണ് ചരിത്രം വ്യക്തമാക്കുന്നത്.

## സഭക്കുള്ള ദൈവത്തിന്റെ നിർദ്ദേശം

പഴയനിയമകാലത്തെ യിസ്രായേൽ പുതിയനിയമസഭയുടെ ഒരു നിഴൽ അഥവാ പതിപ്പ് ആയിരുന്നില്ലേ? അവർ അന്നു ജീവിച്ചിരുന്നതുപോലെയാണോ നാം ജീവിക്കേണ്ടത്? നാം ആരായിരിക്കണം, എങ്ങനെയായിരിക്കണം, ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതെന്തെല്ലാം എന്ന് പുതിയനിയമത്തിൽ ദൈവം അരുളിച്ചെയ്തിട്ടുണ്ട്. നാം ശ്രദ്ധിച്ചില്ലെങ്കിൽ അവരെ പോലെ ആകും എന്ന് ഓർക്കുക. കാരണം നാമും ലോകത്തിലാണ് ജീവിക്കുന്നത്. പരീക്ഷണം നമ്മെയും ബാധിച്ചുപോകും. അവർ മോഹിച്ചതുപോലെ നാമും ദുർമ്മോഹികളായേക്കാം. പലപ്പോഴും നാം ദൈവത്തിന്റെ വിലയുള്ള നിർദ്ദേശങ്ങളെ സംശയിക്കുകയോ ചോദ്യം ചെയ്യപ്പെടുകയോ ചെയ്തിട്ടില്ലേ?

നാം മലമേൽ ശോഭിക്കുന്ന പട്ടണമാകേണ്ടവരല്ലേ? നമ്മുടെ ഉപദേശത്താലും പരിശീലനങ്ങളാലും നാം ദൈവത്തെയും ദൈവേഷ്ടത്തെയും വെളിപ്പെടുത്തേണ്ടതിനുപകരം നാം എന്താണ് വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്? ചിന്തിക്കുക നാം ലോകത്തിന്റെ വെളിച്ചമാകേണ്ടവരല്ലേ? മറ്റുള്ളവർക്ക് പ്രകാശം കൊടുക്കേണ്ട നാം ഇരുട്ടാണോ പകർന്നു കൊടുക്കുന്നത്? നാം എങ്ങനെയും എല്ലാവരേയും രക്ഷിക്കേണ്ടവരല്ലേ? ദൈവവചനത്തിന്റെ ശക്തി ആളുകളിൽ അങ്ങനെ തന്നെ എത്തുവാൻ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ അദ്ധ്വാനിച്ചു. നാമും അങ്ങനെ തന്നെയാണ് പ്രവർത്തിക്കേണ്ടത്. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു യേശുക്രിസ്തുവിന്റെ അധികാരത്താലായിരിക്കണം നാം ചെയ്യുന്നത്.

ദൈവാധികാരത്തെ നാം ഒരിക്കലും കുറച്ചുകാണരുത്. യേശുക്രിസ്തുവിന്റെ സന്ദേശം ആളുകൾക്ക് ഇഷ്ടപ്പെട്ടതുകൊണ്ടായിരുന്നോ അവർ അവനെ ക്രൂശിൽ തറെച്ചത്? അല്ല. മറിച്ച് സത്യം അവനിൽ ഉണ്ടായിരുന്നതുകൊണ്ടും പുരുഷാരത്തിൽ സത്യം ഇല്ലാതിരുന്നതുകൊണ്ടുമാണ്. അപ്പൊസ്തലന്മാർ ഉപദ്രവിക്കപ്പെട്ടതും കൊല്ലപ്പെട്ടതും അവർ ആളുകളുടെ താല്പര്യമനുസരിച്ച് പ്രസംഗിച്ചതുകൊണ്ടാണോ? അല്ല, അവർ സത്യസന്ദേശം തുറന്നു പ്രസംഗിച്ചതുകൊണ്ടായിരുന്നു. അവരിലുണ്ടായിരുന്നത് പിതാവിൽനിന്നു പുത്രൻ അയച്ച ആത്മാവായിരുന്നു (യോഹന്നാൻ 16:13–16).

ക്രിസ്തു ആരാണെന്ന് അവകാശപ്പെട്ടുവോ അതുപോലെയാണ് അവൻ ജീവിച്ചത്. പക്ഷെ ആളുകൾക്ക് അവനെ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. അപ്പൊസ്തലന്മാർ സത്യത്തിനു യാതൊരു വിട്ടുവീഴ്ച്ചയും വരുത്തിയിരുന്നില്ല. അവരുടെ ഉപദേശവും ജീവിതവും അവരുടെ ദൗത്യത്തിൽ ആളുകൾക്ക് കാണാമായിരുന്നു. ക്രിസ്തുവിനു താൻ സംസാരിച്ചതെന്താണെന്ന് അറിയാമായിരുന്നു. പരിശുദ്ധാത്മാവിന്റെ ദൗത്യവും വിജയിച്ചു. ദൈവശ്വാസീയമായി എഴുതപ്പെട്ട വചനത്തിലാണ് ഇന്നു ദൈവശക്തിയുള്ളത്. വചനം മായം കലരാതിരുന്നാൽ അതിന്റെ യഥാർത്ഥശക്തി പുറപ്പെടുവിക്കും. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ വചനത്തിൽ വസിച്ചാൽ അവരിലും ദൈവശക്തി വ്യാപരിക്കുമെന്നതിനു സംശയമില്ല. നിങ്ങൾക്കും എനിക്കും അതു പരിശോധിച്ച് അനുഭവിച്ചറിയാം.

ദൈവവും അവന്റെ എഴുതപ്പെട്ട വചനവും ഇന്ന് ആർക്കും അന്യമല്ല. പക്ഷെ ആളുകളാണ് ദൈവത്തിൽനിന്നും അവന്റെ വചനത്തിൽനിന്നും അകന്നിരിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണമാണ് നമുക്ക് ഇന്നുള്ളത്. അതിനർത്ഥം എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യമായി അതിനെ വ്യാഖ്യാനിക്കരുത്. മറിച്ച് എല്ലാ പാപങ്ങളിൽനിന്നും പൂർണ്ണമോചനം തരുന്ന നിയമമാണ് പുതിയനിയമം. നമ്മെ ശുദ്ധീകരിക്കുന്നതും നീതീകരിക്കുന്നതും തിരുവെഴുത്തുകളാണ്. യേശുക്രിസ്തുവിന്റെ രക്തവും അതിനു ആവശ്യമാണ്. പക്ഷെ ദൈവത്തിന്റെ എഴുതപ്പെട്ട വചനത്തിനപ്പുറമായി ക്രിസ്തുവിന്റെ രക്തം പ്രവർത്തിക്കുകയില്ല എന്ന കാര്യം നാം മറക്കരുത്.

സഭയിൽ സ്ത്രീകളുടെ പങ്ക് സ്ത്രീകൾ തിരിച്ചറിയാത്തതു

കൊണ്ട് അവർ സഭയുടെ പല കാര്യങ്ങളിലും അകാരണമായി ഇട പെടുന്നതു സഭയിൽ പ്രശ്നമുണ്ടാക്കും. ഐക്യതക്ക് ഭംഗം വരുന്ന സ്ഥിതിയുമുണ്ടാകും. അതുകൊണ്ട് സ്ത്രീകൾക്ക് ചെയ്യാവുന്നതും പറയാവുന്നതും ആയ കാര്യങ്ങളുണ്ട്. എന്നാൽ പുരുഷന്റെ മേൽ ആധിപത്യം നടത്തുവാനോ വിശുദ്ധന്മാരുടെ സഭായോഗങ്ങളിൽ സംസാരിക്കുകയോ ചെയ്യരുത്. പുരുഷന്മാർ ഉള്ളപ്പോൾ അവർ പ്രാർത്ഥന നയിക്കുകയോ പാട്ട് നയിക്കുകയോ ചെയ്യാവുന്നതല്ല. എന്നാൽ സ്ത്രീകൾ മാത്രമുള്ളപ്പോൾ അവർക്ക് അതിനു സ്വാതന്ത്ര്യമുണ്ട്. സഭയിൽ പുരുഷന്മാർ കൂടി തീരുമാനിക്കുന്ന കാര്യത്തെ എതിർക്കുവാനോ അതു മാറ്റുവാനോ അവർ ശ്രമിക്കരുത്. സഭയിലെ ഉപദേഷ്ടാവിനെ അംഗങ്ങൾ അനുസരിക്കയും കീഴ്പ്പെട്ടിരിക്കയും വേണം (എബ്രായർ 13:17). ഉപദേഷ്ടാവിനോട് എതിർക്കുന്നതും ഉപദേഷ്ടാവിന് എതിരായി അംഗങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുന്നതും സഭയുടെ ഐക്യത തകർക്കും. പുതിയനിയമ സഭയുടെ കെട്ടുറപ്പ് വചനാടിസ്ഥാനത്തിലുള്ള യോജിപ്പനുസരിച്ചായിരിക്കും നിലനില്ക്കുക.

ദൈവത്തെ ആരാധിക്കുന്നതിലും സഭ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം ദൈവത്തിനു സ്വീകാര്യമായ ആരാധനയിലാണ് ദൈവം പ്രസാദിക്കുന്നത്. മാനുഷകല്പനകളായ ഉപദേശങ്ങളെ ആരാധനയിൽ ഉൾപ്പെടുത്തരുത് എന്നു കർത്താവ് നിർദ്ദേശിച്ചിട്ടുണ്ട് (മത്തായി 15:9). ദൈവം ആത്മാവാകയാൽ അവനെ നമസ്ക്കരിക്കേണ്ടത് സത്യത്തിലും ആത്മാവിലുമായിരിക്കണം (യോഹന്നാൻ 4:24). ദൈവവചനമാണ് സത്യം. അതുകൊണ്ട് വചനപ്രകാരമാണ് ആരാധിക്കേണ്ടത്. ആത്മിയമായിട്ടാണ് നമസ്ക്കരിക്കേണ്ടത്. പഴയനിയമാരാധന അക്ഷരികമായിരുന്നു. പക്ഷെ പുതിയനിയമാരാധന നമ്മുടെ ഹൃദയത്തിൽനിന്നുയരുന്നതാകണം. കാരണം നമ്മുടെ ഹൃദയത്തിലാണ് ദൈവം വസിക്കുന്നത്. വിശുദ്ധഹൃദയത്തോടും നിർമ്മലമനസാക്ഷിയോടും വേണം നാം ദൈവത്തെ ആരാധിക്കുവാൻ. ദൈവവുമായും സഹവിശ്വാസികളുമായിട്ടുള്ള കൂട്ടായ്മയാണ് സഭായോഗത്തിലുണ്ടാകുന്നത്. അതുകൊണ്ടാണ് സഭായോഗം മുടക്കരുത് എന്ന് പറഞ്ഞിരിക്കുന്നത്.

✱

# എനിക്ക് അതു ഒരുപോലെ മനസിലാക്കുവാൻ കഴിയുമോ?

ക്ലെം തർമാൻ

എല്ലാ വിശ്വാസികളും ഒന്നാകണമെന്ന് യേശു പ്രാർത്ഥിച്ചു ( യോഹന്നാൻ 17:20–21). ദൈവേഷ്ടം എന്തെന്ന് അപ്പൊസ്തനിൽ കൂടെ വെളിപ്പെടുത്തിയിരിക്കുന്നു. "നിങ്ങളെല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകയുമരുത് (1കൊരിന്ത്യർ 1:10). പരിശുദ്ധാത്മാവ് അവരിൽ വരുമ്പോൾ അവരെ സകല സത്യത്തിലും വഴി നടത്തും എന്നാണ് യേശുക്രിസ്തു അപ്പൊസ്തലന്മാരോട് പറഞ്ഞത് (യോഹന്നാൻ 16:13). നിന്റെ വചനത്താൽ അപ്പൊസ്തലന്മാരെ വിശുദ്ധീകരിക്കേണമേ എന്നു യേശു പിതാവിനോടു പ്രാർത്ഥിക്കുന്നുണ്ട് (യോഹന്നാൻ 17:17).

ബൈബിൾ എല്ലാവർക്കും ഒരുപോലെ മനസിലാക്കുവാൻ സാധ്യമല്ല എന്നു പറഞ്ഞു കേൾക്കുന്നുണ്ട്. അതു ആളുകൾ ചില മുൻധാരണ വെച്ച് വായിക്കുന്നതുകൊണ്ടോ അല്ലെങ്കിൽ ആളുകൾക്ക് തങ്ങൾക്കിഷ്ടപ്പെട്ടവരുടെ വ്യാഖ്യാനം തൃപ്തികരമാകുന്നതുകൊണ്ടോ ആകാം. പക്ഷെ നാം നിഷ്പ്പക്ഷമായി വേണം ബൈബിൾ വായിക്കുവാൻ. അങ്ങനെ സത്യം മനസിലാക്കണമെന്ന ആഗ്രഹത്തോടെ വായിക്കുമ്പോൾ മനസിലാകുകതന്നെ ചെയ്യും (എഫെസ്യർ 3:3, 4). ദൈവം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനാണ് അവന്റെ പുത്രനെ നമുക്കു വേണ്ടി അയച്ചത്. ആ പുത്രൻ തന്റെ ഈ ഭൂമിയിലെ ജീവിതം മനുഷ്യരക്ഷക്കായി അർപ്പിച്ചു കൊടുത്തു (വെളിപ്പാട് 1:5).

സുവിശേഷം സകല മനുഷ്യരുടേയും രക്ഷക്കായി ദൈവം വെച്ചിരിക്കുന്നതാണ്. പാപികളുടെ പാപമോചനത്തിനു ദൈവം പ്രവർത്തിച്ച പദ്ധതിയാണ് അത്. അതുകൊണ്ടാണ് സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല, വിശ്വസിക്കുന്ന ഏവർക്കും അതു രക്ഷക്കുള്ള ദൈവശക്തിയാണ് എന്നു അപ്പൊസ്തലൻ പറയുവാൻ കാരണം. സുവിശേഷം സർവ്വലോകത്തിലും പ്രസംഗിക്കണമെന്നു കർത്താവു തന്റെ ശിഷ്യന്മാരോട് ആവശ്യപ്പെട്ടിരിക്കുന്നതും അതുകൊണ്ടാണ്. സുവിശേഷം അനുസരിക്കാത്തവർക്ക് രക്ഷയില്ല.

ദൈവസന്ദേശം ആണ് അപ്പൊസ്തലന്മാർ ലോകമെങ്ങും പ്രസംഗിച്ചതും എന്നേക്കുമായി എഴുതിയിരിക്കുന്നതും. അതു മനുഷ്യരുടെ വചനമായിട്ടല്ല, സാക്ഷാൽ ദൈവത്തിന്റെ വചനമായി ആളുകൾ സ്വീകരിച്ചു. കർത്താവിന്റെ വചനം അങ്ങനെ തന്നെ കൈക്കൊണ്ടവർക്ക് പാപമോചനവും ആത്മരക്ഷയും ലഭിച്ചു. അല്ലാത്തവരുടെ ഹൃദയം കൂടുതൽ കഠിനപ്പെടുകയും ദൈവത്തിൽനിന്നകന്നു ദൈവകോപത്തിനിരയാവുകയും ചെയ്തു. അപ്പൊസ്തലന്മാരുടെ കാലത്ത് അവർ ഈ സുവിശേഷം സർവ്വലോകത്തിലും എത്തിച്ചു (കൊലൊസ്യർ 1:23).

## ദൈവം രക്ഷ വാഗ്ദാനം ചെയ്തിരിക്കുന്നതു സത്യം മുഖാന്തരമാണ്

"നിങ്ങൾ എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ വാസ്തവമായും എന്റെ ശിഷ്യന്മാർ ആകുന്നു, സത്യം നിങ്ങൾ അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹന്നാൻ 8:31. 32). ദൈവപുത്രനായ ക്രിസ്തു ഭൂമിയിൽ വന്നതിന്റെ ഉദ്ദേശം തന്നെ സത്യത്തിനു സാക്ഷി നില്ക്കേണ്ടതിനായിരുന്നു. പിലാത്തോസ് ക്രിസ്തുവിനോട് നീ രാജാവ് തന്നെയോ എന്നു ചോദിച്ചതിന് കർത്താവ് മറുപടി പറയുന്നു, "ഞാൻ രാജാവ് തന്നെ. സത്യത്തിനു സാക്ഷി നില്ക്കേണ്ടതിനു ഞാൻ ജനിച്ചു. അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യതല്പരനായവൻ എല്ലാം എന്റെ വാക്ക് കേൾക്കുന്നു എന്നു പറഞ്ഞു (യോഹന്നാൻ 18:37, 38). സത്യം അനുസരിക്കയാലാണ് നിങ്ങളുടെ ആത്മാക്കളെ നിർമ്മലീകരിക്കുന്നതെന്ന് പത്രൊസ് വ്യക്തമാക്കിയിരിക്കുന്നു (1 പത്രൊസ് 1:22).

സത്യം വെളിപ്പെടുത്തുവാനും സകലമനുഷ്യർക്കും രക്ഷ നല്കുവാനുമായിരുന്നു യേശു ഭൂമിയിലേക്ക് വന്നത്. അതുകൊണ്ടു നാം സത്യത്തെ കുറിച്ചുള്ള പരിജ്ഞാനത്തിലെത്തണമെന്നാണ് ദൈവം ആഗ്രഹിച്ചിരിക്കുന്നത്. വെറും സത്യമല്ല ആളുകളെ സ്വതന്ത്രരാക്കുന്നത്, മറിച്ച് സത്യത്തെ കുറിച്ചുള്ള അറിവാണ്. ആ അറിവ് പ്രായോഗികമാക്കുമ്പോഴാണ് ആളുകൾക്ക് അതിന്റെ ഫലം ലഭിക്കുന്നത്. ദൈവം മനുഷ്യരിൽനിന്നു പ്രതീക്ഷിക്കുന്നതെന്തെല്ലാമെന്ന് എല്ലാവരും അറിയണം. അവന്റെ വാഗ്ദാനങ്ങൾ ലഭിക്കുവാൻ നാം എന്തു ചെയ്യണമെന്ന് ദൈവം തന്റെ വചനത്തിൽ അരുളിച്ചെയ്തിട്ടുണ്ട്.

പിതാക്കന്മാരുടെ ദൈവം അതു എല്ലാ കാതുകളിലും എത്തിക്കും.

അവനേയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അറിയേണ്ടതിന് ദൈവം അവസരം ഒരുക്കിയിരിക്കുന്നു (ഫിലിപ്പിയർ 3:10). പൗലൊസ് അത് അറിയുകയും അവസാനത്തോളം ആ വിശ്വാസപ്രകാരം ജീവിക്കുകയും ചെയ്തു. വൃദ്ധനായപ്പോൾ പൗലൊസ് പറയുന്നു, "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു" (2 തിമൊഥെയൊസ് 1:12). ദൈവത്തെ അറിയുക, ക്രിസ്തുവിനെ അറിയുക, സത്യം അറിയുക എന്നതു മനുഷ്യർക്ക് ആർക്കും ഒഴിച്ചുനിർത്തുവാൻ പറ്റാത്തതാണ്. കാരണം നാം ആ അറിവില്ലാതെ മരിച്ചാൽ മരണശേഷം ഒരു ന്യായവിധിയെ അഭിമുഖീകരിക്കണം. അതിനുശേഷം ശിക്ഷാവിധിയുമുണ്ട്. ആ ശിക്ഷ എന്നേക്കുമുള്ളതാണ്. അതൊഴിവാക്കുവാൻ ദൈവം തന്റെ ദയവിനാൽ ഇപ്പോൾ തന്നിരിക്കുന്ന അവസരം നാം പാഴാക്കാതിരിക്കണം.

നിങ്ങൾക്കിടയിൽ ഭിന്നതയുണ്ടാകാതിരിപ്പാൻ നിങ്ങൾ എല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങൾ ഏകാഭിപ്രായത്തിലും ഏകമനസിലും യോജിച്ചിരിക്കുകയും വേണം. യോജിപ്പ് അഥവാ ഐക്യത ആത്മിയജീവിതത്തിനു അത്യന്താപേക്ഷിതമാണ്. നാം ഒരേ സത്യത്താൽ നയിക്കപ്പെടുകയാണെങ്കിൽ ഒരേ വിശ്വാസമാണ് സ്വീകരിച്ചിരിക്കുന്നതെങ്കിൽ ഒരേ സ്നാനം ആയിരിക്കും ഏറ്റിരിക്കുക. അപ്പോൾ പിന്നെ വിയോജിക്കേണ്ട ആവശ്യമില്ല. നമുക്ക് മുന്നിൽ വെച്ചിരിക്കുന്നത് ഒരേ ലക്ഷ്യമാണല്ലോ. പിന്നെ ഭിന്നിക്കയുമരുത്. നമുക്ക് മദ്ധ്യസ്ഥനും, രക്ഷകനും, കർത്താവും ഒരുവനേയുള്ളൂ. ഏകപിതാവുമാണ് നമുക്ക് ഉള്ളത്. സഭ നടത്തുന്നവരും അംഗങ്ങളും ഏകാത്മാവിനാൽ നയിക്കപ്പെടുകയാണെങ്കിൽ അവർക്കിടയിൽ ഭിന്നാഭിപ്രായം ഉണ്ടാകയില്ല. കൊരിന്ത്യാസഭയിൽ പിണക്കമുണ്ടായപ്പോൾ അവരെ ശാസിച്ച് അപ്പൊസ്തലൻ എഴുതുകയുണ്ടായി.

ഒന്നുകിൽ നാം ബൈബിൾ ഒരുപോലെ മനസിലാക്കും അല്ലെങ്കിൽ തെറ്റിദ്ധരിക്കും ഇതാണ് ആളുകളിലുണ്ടാകുന്നത്. ദുരുപദേശങ്ങൾ ലോകത്തിൽ പ്രചരിപ്പിച്ചിട്ടുണ്ട്. അതു വ്യാപിപ്പിച്ചിരിക്കുന്നതു പിശാചാണ്. അതുകൊണ്ടു സകലവും പരിശോധിക്കുവാൻ നമ്മോട് പറഞ്ഞിരിക്കുന്നു. ദൈവവചനത്തിലില്ലാത്തതെന്തും ദുരുപദേശമാണ്. കള്ളപ്രവാചകന്മാരേയും ദുരുപദേഷ്ടാക്കന്മാരെയും സൂക്ഷി

ച്ചുകൊള്ളേണമെന്നു ദൈവം മുന്നറിയിച്ചിരിക്കുന്നു.

തെറ്റിദ്ധാരണ ഒഴിവാക്കുവാൻ വചന പരിജ്ഞാനമാണ് ആവശ്യം. അതിനു വചനം പഠിക്കണം. ദിവസേന നാം ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്യണം. വചനപരിജ്ഞാനമില്ലാത്തവരെയാണ് പിശാച് തെറ്റിദ്ധരിപ്പിക്കുകയും തെറ്റിക്കുകയും ചെയ്യുക. നമുക്ക് മനസിലാക്കുവാൻ കഴിയാത്ത പലതുണ്ട്. പക്ഷെ വെളിപ്പെടുത്തിയിരിക്കുന്നതെല്ലാം നമുക്ക് മനസിലാകുന്നതാണ്. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം ദൈവം നമുക്ക് നല്കിയിട്ടുണ്ട്. അതിൽ നാം തൃപ്തിയടയുകയാണ് വേണ്ടത്. എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കരുത് എന്നു വചനം നമ്മെ പഠിപ്പിക്കുന്നുണ്ട് (1കൊരിന്ത്യർ 4:6). തിരുവെഴുത്തുകൾ നാം ഒന്നാം നൂറ്റാണ്ടിലെ ആളുകൾ മനസിലാക്കിയതുപോല മനസിലാക്കിയില്ലെങ്കിൽ വാസ്തവത്തിൽ നാം മനസിലാക്കിയിട്ടില്ല എന്നർത്ഥം.

✶

# ദൈവത്തോടുകൂടെ നടക്കൽ

## ജോണി രാംസേ

പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തോടുകൂടെ നടന്ന ധാരാളം ആളുകളെ കുറിച്ച് നാം വേദപുസ്തകത്തിൽ വായിക്കുന്നുണ്ട്. അവർ എങ്ങനെ ദൈവത്തോടുകൂടെ നടന്നു എന്നും അവർക്ക് അതിന് എങ്ങനെ കഴിഞ്ഞു എന്നും നമുക്ക് പരിശോധിക്കാം. "ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകും, യൗവനക്കാരും ഇടറി വീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകന്മാരെ പോലെ ചിറകടിച്ചു കയറും. അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും"(യെശയ്യാവ് 40:31).

ബാഹ്യമായ സാഹചര്യങ്ങൾ എന്തായാലും, നാം ദൈവത്തോടുകൂടെ നടക്കണം എന്നാണ് ദൈവം താല്പര്യപ്പെടുന്നത്. "നിങ്ങൾ പൂർണ്ണപ്രസാദത്തിനായി ദൈവത്തിനു യോഗ്യമാംവണ്ണം നടന്നു ആത്മികമായ സകല ജ്ഞാനത്തിലും നിറഞ്ഞു സകല സൽപ്രവൃത്തിയിലും ഫലം കായിച്ച് ദൈവത്തെ കുറിച്ചുള്ള പരിജ്ഞാനത്തിലും

നാം വളർന്നു വരേണം" (കൊലൊസ്യർ 1:10). നാം അവനോടു കൂടെ നടന്നാൽ കർത്താവ് നമ്മോടു കൂടെ നടക്കുവാൻ ഉണ്ടാകും എന്ന കാര്യം ഉറപ്പാണ്. ദൈവം അതു മുന്നറിയിച്ചിട്ടുള്ളത് എത്ര സന്തോഷകരമാണ്!

കൂരിരുൾ താഴ്വരയിൽ കൂടെ നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ (സങ്കീർത്തനങ്ങൾ 23:4). പഴയനിയമകാലത്തു ദൈവസാന്നിധ്യം അതിവിശുദ്ധ സ്ഥലത്തു മാത്രമായിരുന്നുവെങ്കിൽ പുതിയനിയമകാലത്ത് ദൈവ ചനപ്രകാരം ജീവിക്കുന്നവരോടുകൂടെ എന്നേക്കും ദൈവം ഉണ്ടാകും എന്നു കർത്താവ് മുന്നറിയിച്ചിട്ടാണ് പോയിരിക്കുന്നത്. യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും എന്നു സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു. ദൈവം നമുക്ക് അനുകൂലമെങ്കിൽ ആർ പ്രതികൂലം? എന്നു പുതിയ നിയമത്തിൽ അപ്പൊസ്തലൻ ചോദിച്ചിരിക്കുന്നു.

നമ്മിൽ ചിലർ പതുക്കെ എരിവോടെ നടക്കും. എന്നാൽ പാറപ്പുറത്തുകൂടെ ഒരിക്കലും നടക്കുകയില്ല. യേശുവിനെ അനുഗമിക്കുമ്പോൾ ചിലപ്പോൾ പ്രയാസവും വെല്ലുവിളിയും നേരിടേണ്ടി വരും. അനേകർ സീയോനിൽ സ്വൈരികളായി ജീവിച്ചിരുന്ന യിസ്രായേൽ മക്കളെ പോലെയാണ് (ആമോസ് 6:1). അവർ കർത്താവ് കഷ്ടം സഹിച്ചതിനെയും അതിന്റെ ഉദ്ദേശത്തേയും ഓർക്കുന്നില്ല. സമർപ്പണവും ദീർഘക്ഷമയും പലരും വിട്ടുകളഞ്ഞ് എളുപ്പമുള്ള വഴിയിൽ കൂടെ നടന്നുകൊണ്ടിരിക്കുകയാണ്. പലപ്പോഴും അവർ വിശ്രമിക്കുകയാണ്. പഴയനിയമത്തിൽ ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. വിശ്വാസത്താൽ ഹാനോക്ക് മരണം കൂടാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് അവൻ എടുക്കപ്പെടുന്നതിനു മുമ്പേ സാക്ഷ്യം പ്രാപിച്ചു (എബ്രായർ 11:5).

നാം ക്രിസ്തുവിനെ അനുഗമിക്കുന്നവരായതുകൊണ്ട് അവൻ എവിടെ പോകുന്നുവോ നാം അവിടെ പോകും (വെളിപ്പാട് 14:4). സ്വർഗ്ഗമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ, നാം നമ്മെത്തന്നെ അവന്ന്

ഏല്പിച്ചുകൊടുക്കും. നമ്മുടെ താലന്തുകൾ, ഊർജം, സമയം, പണം, നമ്മുടെ ചിന്തകൾ എന്നിവയെല്ലാം കാര്യവിചാരനിർവ്വഹണ ത്തിനുള്ളവയാണെന്നു തിരിച്ചറിയണം (മത്തായി 25; മലാഖി 3:8-10; യോഹന്നാൻ 9:4; ഫിലിപ്പിയർ 2:12).

✶

# പ്രയോജനരഹിതമോ അതോ അവിശുദ്ധമോ

## റ്റി. പയേഴ്സ് ബ്രൗൺ

മനുഷ്യരെ രണ്ടായി തരം തിരിക്കുകയാണെങ്കിൽ, ദൈവത്തിനു കൊള്ളാകുന്നവരും കൊള്ളരുതാത്തവരുമായി തരംതിരിക്കാം. നമ്മെക്കൊണ്ട് ദൈവത്തിനു പ്രയോജനമില്ലാതെയാണോ നാം ജീവി ക്കുന്നത് അതോ അവിശുദ്ധമായിട്ടാണോ നാം ജീവിക്കുന്നത് എന്ന് നമ്മെത്തന്നെ ശോധന ചെയ്യേണ്ടതായിട്ടുണ്ട്. യേശു മത്തായി 25:30-ൽ പറഞ്ഞതു ശ്രദ്ധിക്കുക: "കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ. അവിടെ കര ച്ചലും പല്ലുകടിയും ഉണ്ടാകും." എന്താണ് കൊള്ളരുതാത്ത ദാസൻ എന്നു പറഞ്ഞാൽ? തിരുവെഴുത്തിൽ പല ഭാഗങ്ങളിൽ ആ വാക്ക് വിവിധ രീതികളിൽ തർജിമ ചെയ്തിട്ടുണ്ട്.

ലൂക്കൊസ് 17:10-ൽ നാം വായിക്കുന്നു, "അവ്വണ്ണം നിങ്ങളോട് കല്പിച്ചത് ഒക്കെയും ചെയ്ത ശേഷം ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ ചെയ്യേണ്ടത്രേ ചെയ്തിട്ടുള്ളൂ എന്നു നിങ്ങളും പറവിൻ." ഇവിടെ ദൈവകല്പനകൾ ഒക്കെയും ചെയ്ത ദാസനാണ്. എല്ലാം ചെയ്തുകഴിഞ്ഞിട്ട് അവൻ പറയേണ്ടത് പ്രയോജനമില്ലാത്ത ദാസൻ എന്നാണ്. അവൻ ദൈവമുൻപാകെ രക്ഷിക്കപ്പെട്ട സ്ഥിതിയിലാണ്. ഇവിടെ പറയുന്ന വാക്കിന്റെ അർത്ഥം യോഗ്യത ഇല്ലാത്തവൻ എന്നാണ്. ദൈവകല്പനകൾ എല്ലാം പ്രമാണിക്കുന്നതു ഒരു യോഗ്യ തയായി കണക്കാക്കരുത് എന്നർത്ഥം. മറിച്ച് അതെല്ലാം ചെയ്യേണ്ട താണെന്നു മാത്രം കരുതുക. അതിനപ്പുറമായി അവയെ കാണരുത് എന്നാണ് നാം മനസിലാക്കേണ്ടത്. അവൻ അങ്ങനെ ചെയ്യുന്നതു കൊണ്ട് ദൈവത്തിനു വലിയ പ്രയോജനമില്ല എന്ന കാര്യം നാം

തിരിച്ചറിയണം. കാരണം അതിനു വേണ്ടി പ്രവർത്തിച്ചതെല്ലാം ദൈവമാണ്. അപ്പൊസ്തലനായ പൗലൊസ് പറയുന്നതു നോക്കുക, “നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല, ഗ്രഹിക്കുന്നവനില്ല ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിതീർന്നു” (റോമർ 3:10-12). ഫിലെമോൻ ഒരിക്കൽ കൊള്ളരുതാത്തവൻ അഥവാ പ്രയോജനമില്ലാത്തവനായിരുന്നു എങ്കിൽ പിന്നീട് അവൻ പ്രയോജനമുള്ളവനായി തീർന്നു എന്നു അപ്പൊസ്തലൻ അവനെക്കുറിച്ചു പറയുന്നുണ്ട് ( ഫിലേമോൻ 1-11). ഇവിടെ നാം കണ്ട കാര്യം എന്തെന്നാൽ ദൈവാനുഗ്രഹത്തിനോ രക്ഷക്കോ നമ്മിൽ ആരിലും ഒരു യോഗ്യതയുമില്ല എന്നതാണ്.

✶

# അത്ഭുതങ്ങൾ നിന്നുപോയി

## സണ്ണി ഡേവിഡ്

ദൈവം ധാരാളം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. പഴയനിയമകാലത്തും പുതിയനിയമകാലാരംഭത്തിലും വീര്യപ്രവർത്തികളായും അടയാളമായും അത്ഭുതമായും ദൈവം ചെയ്തിട്ടുള്ളവക്കെല്ലാം ഉദ്ദേശമുണ്ടായിരുന്നു. ഉദ്ദേശമില്ലാതെ അവൻ ഒന്നും ചെയ്തിട്ടില്ല, ചെയ്യുകയുമില്ല. പ്രകൃതി നിയമത്തിനപ്പുറമായി അസാധാരണമായി സംഭവിക്കുന്ന ഒന്നാണ് അത്ഭുതം. ദൈവത്തിന്റെ സൃഷ്ടിത്വമായിരുന്നു ആദ്യത്തെ അത്ഭുതം. ദൈവം സംസാരിച്ചു, അങ്ങനെ തന്നെ സംഭവിച്ചു. ആ സൃഷ്ടികർത്താവിന്റെ സൃഷ്ടിയാണ് നാം ഓരോരുത്തരും. മനുഷ്യനെയും ദൈവം അത്ഭുതകരമായിട്ടാണ് നിർമ്മിച്ച് ജീവശ്വാസം ഊതി ജീവനുള്ള ദേഹിയാക്കിയത്.

ദൈവശക്തിയാൽ സംഭവിച്ചതായ ക്രിസ്തുവും അവന്റെ ശിഷ്യന്മാരും ചെയ്തതടക്കമുള്ള എല്ലാ അത്ഭുതങ്ങളുടെയും ഉദ്ദേശം നിറവേറപ്പെട്ടു. ബൈബിൾ പോലും ഒരു അത്ഭുതമാണ്. തിരുവെഴുത്തുകൾ എഴുതപ്പെട്ടിരിക്കുന്നതും അതിലെ ഉള്ളടക്കവും പരിശോധിച്ചാൽ അതു വ്യക്തമാകും.

✶

# വാർത്തകൾ

## മെഡിക്കൽ കോളജിന്റെ സുരക്ഷയ്ക്ക് ഇനി പ്രത്യേക പരിശീലനം നേടിയവർ

തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രി അത്യാഹിത വിഭാഗത്തിന്റെ സുരക്ഷയ്ക്കു പോലീസു വകുപ്പിലെ പ്രത്യേക പരിശീലനം നേടിയ സ്പെഷൽഹോമിലെ അന്തേവാസികളെത്തി.

★

## പുഷ്കലയ്ക്ക് ഭീഷണി: ഒറ്റ പ്രതിയെ പോലും പിടിച്ചില്ല

ഡിസിപിയുടെ ഓഫീസിലെ വനിതാ കോൺസ്റ്റബിൾ പുഷ്കലയെ വീട്ടിൽ കയറി ഗുണ്ടകൾ ഭീഷണിപ്പെടുത്തിയ കേസിൽ ഒരു പ്രതിയെ പോലും പോലീസ് പിടികൂടിയില്ല. സേനയെ കളങ്കപ്പെടുത്തിയ സംഭവത്തിൽ പോലീസുകാർ പ്രതികളായതിനാൽ ഫോർട്ട് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് അന്വേഷണത്തിൽ കാര്യമായ താൽപര്യമില്ലെന്നാണ് ആരോപണം.

★

## കാഴ്ചക്കുറവുള്ളവരെ പരിശീലിപ്പിക്കാൻ ബിരുദ പഠനം

അന്ധരെയും കാഴ്ച്ചക്കുറവുള്ളവരെയും പരിശീലിപ്പിക്കുന്നതിനു റീഹാബിലിറ്റേഷൻ കൗൺസിലിന്റെ അംഗീകാരത്തോടെ കേന്ദ്രസർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എൻഐവിഎച്ച് നടത്തുന്ന ഒരു വർഷത്തെ ബാച്ച്ലർ ഓഫ് മൊബിലിറ്റി സയൻസ് വിഷൽ ഇംപെയർമെന്റ് പ്രോഗ്രാമിലെ പ്രവേശനത്തിനു ജൂൺ 14 വരെ അപേക്ഷ സ്വീകരിക്കും.

*Watch!*

# SATHYANADAM

## TV PROGRAM

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## മലങ്കര വർഗീസ് വധ ഗൂഢാലോചനയിൽ കൊള്ളയടി പദ്ധതിയുണ്ടെന്നു സിബിഐ

ഓർത്തഡോക്സ് സഭാ മാനേജിങ് കമ്മിറ്റി അംഗം മലങ്കര വർഗീസിനെ കൊലപ്പെടുത്താനുള്ള ഗൂഢാലോചനയുടെ ഭാഗമായി കണ്ടനാട് പള്ളിയിലെ അന്നത്തെ വൈദികനെ കൊള്ളയടിക്കാനും പദ്ധതിയിട്ടതായി സിബിഐക്കു സൂചന കിട്ടി.

✶

## ആരോഗ്യ സുരക്ഷ: റയിൽവേയിൽ സൗകര്യങ്ങൾ അപര്യാപ്തം

യാത്രക്കാരുടെ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പാക്കുവാൻ റയിൽവേയ്ക്കു നടപടിക്രമങ്ങളുണ്ടെങ്കിലും പലതും കടലാസിൽ ഒതുങ്ങുകയാണ്. ഒരാഴ്ചയ്ക്കിടെ രണ്ടു മലയാളി വിമുക്ത ഭടന്മാരാണ് ട്രെയിൻ യാത്രയ്ക്കിടെ മരിച്ചത്.

✶

## കയ്യക്ഷരങ്ങളെ ശാസ്ത്രിയമായി അപഗ്രഥിക്കുന്ന ഡോ. വേണുഗോപാൽ റെഡ്ഡി

എഴുതിയാൽ സ്വഭാവമറിയും! ഭീഷണിയല്ല. ശാസ്ത്ര സത്യം. തുണ്ടുകടലാസിൽ എന്തെങ്കിലും എഴുതി ഡോ. വേണുഗോപാൽ റെഡ്ഡിയെ കാണിച്ചു നോക്കൂ. ശാസ്ത്രീയമായി പല സ്വഭാവഗുണങ്ങളും പറയാനാകും. ഈ കലയുടെ, പേര് ഗ്രാഫോളജി. കയ്യക്ഷര വിശകലനമെന്നു മലയാളം.

ഇപ്പോൾ യുഎസിലെ അയോവയിൽ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്ന എം. ആർ.സി.പി. ക്കാരനായ ഡോ. വേണുഗോപാൽ റെഡ്ഡിയുടെ ഹോബികളിലൊന്നാണു ഗ്രാഫോളജി.

✶

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M-7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 July**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11
Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To